# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി

1556 ശ്രീ. പി. സി. വിഷ്ണുനാഥ്
'' അൻവർ സാദത്ത്
'' വി. റ്റി. ബൽറാം
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ടത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ജാഗ്രതാ സമിതികളുടെ പ്രവർത്തനം</u>

1557 ശ്രീ. കെ. ശിവദാസൻ നായർ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആയത് സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആയത് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ</u>

1558 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വാർഷിക പദ്ധതികളുടെ പ്രവർത്തനങ്ങൽ ആരംഭിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിർദ്ദേശം എത്ര ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ പാലിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി അംഗീകരിക്കുന്നതിനായി സമർപ്പിച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പരിഗണനയോ പ്രോത്സാഹനമോ നല്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>മഴക്കാലപൂർവ്വ ശുചീകരണം</u>

1559 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥലങ്ങളിലെ ഓരോ വാർഡിലും മഴക്കാലപൂർവ്വ ശുചീകരണത്തിന് എത്ര തുക വീതമാണ് അനുവദിക്കുന്നത്; പ്രസ്തുത തുക അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പഞ്ചായത്തുകളിൽ ജനങ്ങളും ജനകീയ സംഘടനകളുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തു പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ സംരക്ഷണം

1560 ശ്രീ. കെ. മുരളീധരൻ
'' റ്റി. എൻ. പ്രതാപൻ
'' ഷാഫി പറമ്പിൽ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ സംരക്ഷണം തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര സംസ്ഥാന പദ്ധതികളിൽ പ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ</u>

1561 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) എന്നു മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്;

(ബി) പ്രോജക്ടിന്റെ കാലാവധി എന്നു മുതൽ എത്ര വർഷത്തേയ്ക്കാണെന്ന് അറിയിക്കുമോ;

(സി) എൻ.ആർ.എൽ.എം.ന്റെ പ്രോജക്ട് പ്രകാരമുള്ള കംപോണന്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രോജക്ട് പ്രകാരം ഓരോ വർഷവും ഓരോ കംപോണന്റിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അടങ്കൽ തുക എത്രയെന്നും അതിനനുസൃതമായ ഭൗതിക ലക്ഷ്യം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ വർഷവും ഓരോ കംപോണന്റിലും ഉണ്ടായിട്ടുള്ള ചെലവ് എത്രയെന്നും കൈവരിച്ച ഭൗതികലക്ഷ്യം എത്ര എന്നും അറിയിക്കുമോ;

(എഫ്) പ്രോജക്ട് പ്രകാരമുള്ള സാമ്പത്തിക ഭൗതിക ലക്ഷ്യം കൈവരിക്കാത്തതിനാൽ ഓരോ കംപോണന്റിലും എത്ര തുക കേന്ദ്രത്തിൽ നിന്ന് ഓരോ വർഷവും അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കെട്ടിടങ്ങൾ പണിയുന്നതിനുള്ള ദൂരപരിധി</u>

1562 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾക്ക് സമീപം പണിയുന്ന കെട്ടിടങ്ങൾക്ക് വേണ്ട ദൂരപരിധി എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കെട്ടിടം പണി ആരംഭിക്കുന്നതിനുമുമ്പ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന പെർമിറ്റിനു വിരുദ്ധമായി ബിൽഡിംഗ് നമ്പർ ഇട്ടശേഷം പ്ലാനിൽ മാറ്റം വരുത്തി ദൂരപരിധി ലംഘിച്ച് എടുപ്പുകളും മറ്റും നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നിയമ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്നു പരിശോധിക്കാനും കണ്ടെത്തുന്നവയ്ക്ക് എതിരെ നടപടി സ്വീകരിക്കാനും നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലുള്ളത് എന്നറിയിക്കുമോ;

(ഡി) നിയമം ഉണ്ടായിട്ടും അതു നടപ്പാക്കാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇത്തരം നിയമലംഘനങ്ങൾ പരിശോധിക്കാൻ പ്രത്യേക വിജിലൻസ് ആൻഡ് മോനിട്ടറിംഗ് യൂണിറ്റിനെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>'ഇന്ദിരാ ആവാസ് യോജന' പദ്ധതിക്ക് കേന്ദ്ര -സംസ്ഥാന വിഹിതം</u>

1563 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾവഴി നടപ്പാക്കുന്ന 'ഇന്ദിരാ ആവാസ് യോജന' എന്ന ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കണ്ടോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന-തദ്ദേശസ്വയംഭരണ സർക്കാരുകളുടെ വിഹിതം എത്ര ശതമാനം വീതമാണ്;

(സി) 2013-14 സാമ്പത്തിക വർഷം എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകാനാണ് തദ്ദേശ സ്വയംഭരണ വകുപ്പുലക്ഷ്യമിട്ടിരുന്നത്; ഇതിനായി ത്രിതല പഞ്ചായത്തുകൾ എത്ര രൂപയാണ് അവരുടെ പദ്ധതി വിഹിതത്തിൽനിന്നും മാറ്റിവച്ചത്;

(ഡി) ഈ സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്; എസ്.സി./എസ്.ടി./ജനറൽ തിരിച്ച് എണ്ണം വ്യക്തമാക്കുമോ; ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും ലഭിച്ചു; എസ്.സി./എസ്.ടി./ജനറൽ തിരിച്ച് എണ്ണം വ്യക്തമാക്കുമോ; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായി;

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം പഞ്ചായത്തുകൾക്ക് പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഇത് ലഭ്യമാകാത്തതിനാൽ പദ്ധതി മുടങ്ങുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>തെരുവു നായ്ക്കളെ നിയന്ത്രിക്കാൻ നടപടി</u>

1564 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി
നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ 27-ാം ഇനമായി 'വളർത്തു നായകൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക' എന്ന് ചേർത്തിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തുകൾക്ക് ഇക്കാരൃത്തിൽ പൂർണ്ണമായ തോതിൽ പ്രസ്തുത നിയമം നടപ്പിലാക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(ബി) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിയന്ത്രിച്ച് ജനങ്ങളുടെ ജീവന് സുരക്ഷ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തെരുവു നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടേയും ഉത്തരവിന്റേയും പകർപ്പുകൾ ലഭ്യമാക്കുമോ; നായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി</u>

1565 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപവത്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എല്ലാവർഷവും ഡിസംബർ 31 ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളുടെ അംഗീകാരം നേടണമെന്ന വ്യവസ്ഥ എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ കളിസ്ഥലനിർമ്മാണം</u>

1566 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ഓരോ കളിസ്ഥലം നിർമ്മിക്കുവാനും കായികസമുച്ചയം രൂപപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നിലവാരമുള്ള കളിസ്ഥലം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മറ്റിടങ്ങളിൽ അവ നിർമ്മിക്കുന്നതിന്, പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണം</u>

1567 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനം സ്വന്തമായി നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും സാമ്പത്തികസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തദ്ദേശ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കിഡ്നി രോഗ ബാധിതർക്ക് പെൻഷൻ പദ്ധതി</u>

1568 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡയാലിസ് നടത്തുന്നവർക്കുള്ള പെൻഷൻ പദ്ധതിയിൽ ബി.പി.എൽ റേഷൻ കാർഡുള്ളവർക്ക് മാത്രമേ അപേക്ഷിക്കാവൂ എന്നുള്ള നിബന്ധന മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ, കിഡ്നി രോഗിയാണെന്നും ഡയാലിസ് നടത്തുന്നുണ്ട് എന്നുമുള്ള രേഖകൾ സഹിതം പെൻഷന് അപേക്ഷിക്കാവുന്ന രീതിയിൽ നിബന്ധനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അല്ലെങ്കിൽ ഡയാലിസ് നടത്തുന്നവരുടെ എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റാം എന്നുള്ള ഉത്തരവ് മാനിച്ച് ഡയാലിസിസ് നടത്തുന്ന രോഗികൾക്കെല്ലാം പെൻഷന് അപേക്ഷിക്കാം എന്നുള്ള രീതിയിൽ നിബന്ധന മാറ്റുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ കുടിശ്ശിക</u>

T1569 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷനുകൾ കുടിശ്ശിക ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ കുടിശ്ശിക എന്നത്തേയ്ക്ക് കൊടുക്കുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം</u>

1570 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളിൽ കുടിശ്ശികയുണ്ടോ;

(ബി) എങ്കിൽ കുടിശ്ശിക നൽകാനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) ആയതിന്റെ വിതരണം ഉടനെയുണ്ടാകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കേരളം സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമാക്കാൻ നടപടി</u>

T1571 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര പേർക്കാണ് വിവിധ ക്ഷേമ പെൻഷനുകൾ അനുവദിച്ചത് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പട്ടിക</u>
<u>വിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ</u>

1572 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്യുന്നതെന്നും എന്തു തുക വീതമാണെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും പെൻഷനുകൾക്ക് കുടിശ്ശികയുണ്ടോയെന്നും എങ്കിൽ എത്ര വീതമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളുടെ ഭൂമി</u>

1573 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ളതും പഞ്ചായത്തുകൾ ഭൂനികുതി അടയ്ക്കുന്നതുമായ ഭൂമിയുടെ ഉടമസ്ഥത സർക്കാരിലാണോ ഗ്രാമപഞ്ചായത്തുകളിലാണോ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തുകൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുവാൻ കഴിയുക എന്ന് വിശദമാക്കുമോ;

(സി) പഞ്ചായത്തുകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തു കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഇ. എം. എസ്. ഭവനപദ്ധതി</u>

1574 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ തൃശ്ശൂർ ജില്ലയിൽ നിന്നും പ്രസ്തുത പദ്ധതി പ്രകാരം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) താൽപര്യമുള്ള പഞ്ചായത്തുകൾക്ക് ഇ. എം. എസ്. ഭവന പദ്ധതി നടപ്പിലാക്കുവാൻ അനുവാദം നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കാർഷിക മേഖലയ്ക്ക് നൽകിയ തുക</u>

1575 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ എന്തു തുക അനുവദിച്ചു;

(ബി) അതിൽ എത്ര തുക ചെലവായെന്നും എത്രശതമാനമാണ് ചെലവായത് എന്നും വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ
പദ്ധതി രൂപീകരണം

1576 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് എന്നാണ് ;

(ബി) ഇക്കൊല്ലത്തെ പദ്ധതികൾക്ക് നാളിതുവരെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിക്കുന്ന അലംഭാവം ഒഴിവാക്കുന്നതിനും പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്കുള്ള വിഹിതം</u>

1577 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്കായി 2013 -14 -ൽ എത്ര തുക നീക്കിവച്ചിരുന്നു;

(ബി) അതിൽ എത്ര തുക അനുവദിച്ചു;

(സി) അനുവദിക്കപ്പെട്ട തുകയിൽ എത്ര ചെലവഴിച്ചു എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം

1578 ശ്രീ. എസ്. ശർമ്മ
,, ആർ. രാജേഷ്
,, രാജു എബ്രഹാം
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മറ്റ് പല ആവശ്യങ്ങൾക്കുമായി ഫണ്ട് വകമാറ്റൽ നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ ഏതെല്ലാം ഇനങ്ങൾക്കാണ് വക മാറ്റുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ വകമാറ്റൽനടത്തിയതു മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പദ്ധതി നടത്തിപ്പിൽ എത്ര ശതമാനം ഫണ്ട് വിനിയോഗം നടക്കാതെ പോയിട്ടുണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ട്രഷറി നിയന്ത്രണവും പദ്ധതി ചെലവും</u>

1579 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ.ദാസൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് മാസം ട്രഷറികളിൽ ഏർപ്പെടുത്തിയിരുന്ന കർശന സാമ്പത്തിക നിന്ത്രണങ്ങൾ മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കുറവു വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതിനെത്തുടർന്ന് ചെലവഴിക്കപ്പെടാത്ത തുകയെ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാണോ;

(സി) പ്രസ്തുത ട്രഷറി നിയന്ത്രണം പദ്ധതിച്ചെലവിനെ സാരമായി ബാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ആസ്തി രജിസ്റ്റർ ഡിജിറ്റൈസേഷൻ</u>

1580 ശ്രീ. എം.എ. വാഹീദ്
,, ഐ.സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തിരം പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്ഥാപനങ്ങളുടെ മെയിന്റനന്‍സ് ഫണ്ടില്‍ നിന്നും വക മാറ്റിയ തുക</u>

1581 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലന്‍
,, പി.റ്റി.എ. റഹീം
,, വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 സാമ്പത്തിക വര്‍ഷത്തില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനന്‍സ് ഫണ്ടില്‍ നിന്നും വകമാറ്റാന്‍ സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) വകമാറ്റിയ തുക മറ്റ് ഏത് ആവശ്യങ്ങള്‍ക്കാണ് ഉപയോഗിച്ചതെന്നറിയിക്കാമോ;

(സി) വകമാറ്റിയ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് മടക്കി നല്‍കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ വര്‍ഷത്തെ ഫണ്ട് അലോട്ട്മെന്റില്‍, വകമാറ്റിയ തുക നല്‍കിത്തുടങ്ങിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം</u>

1582 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) 2014 -2015 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റുകൾ നല്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന് 2013-2014 സാമ്പത്തിക വർഷത്തിൽ പാർലമെന്റ് ഇലക്ഷൻ പ്രമാണിച്ച് പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ വരവ് - ചെലവ് കണക്ക്</u>

1583 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ - നോൺ പ്ലാൻ ഫണ്ടുകളുടെ ആകെ വിഹിതവും ചെലവും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് ലഭിച്ച ആകെ കേന്ദ്രവിഹിതം എത്രയാണ്; കേന്ദ്രവിഹിതത്തിന്റെ ചെലവു സംബന്ധിച്ച വിവരം നൽകുമോ;

(സി) ഭവന നിർമ്മാണത്തിനായി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗം</u>

1584 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ചിരിക്കുന്ന തുക എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി വിഭാഗങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരുന്ന തുക എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ ;

(സി) പദ്ധതി അടങ്കൽ തുകയിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2013-14 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ മാർച്ച് 31 വരെ എത്ര തുക വിനിയോഗിച്ചുവെന്നും അതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) ബഡ്ജറ്റ് അംഗീകരിച്ച പ്രകാരമുള്ള തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പദ്ധതി വിഹിതം വിനിയോഗിക്കാത്ത പഞ്ചായത്തുകൾ</u>

1585 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് അനുവദിച്ചിരുന്ന പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ;

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇപ്രകാരം ഫണ്ട് വിനിയോഗിക്കാത്തത് ; വ്യക്തമാക്കുമോ ;

(സി) തുക പൂർണ്ണായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾക്ക് എന്തുകൊണ്ടാണ് ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ പോയതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുപ്രകാരം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്</u>

1586 ശ്രീ. എം. എ. ബേബി
'' ജി. സുധാകരൻ
'' കെ. ദാസൻ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്താനായി തദ്ദേശസ്ഥാപനങ്ങൾക്ക് 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അതിൽ തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഫണ്ട് ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ലതിരിച്ച് വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി തുക മാറ്റിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഫണ്ട് ലഭിക്കാത്തതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെടാനിടയായിട്ടുള്ളതായി അറിയാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതി തുക</u>

1587 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വിവിധ മേഖലയിൽ പദ്ധതികൾക്കായി ആകെ എത്ര തുക അനുവദിച്ചു എന്നും അതിൽ എത്ര തുക ചെലവായി എന്നും എത്ര ശതമാനം ചെലവഴിച്ചു എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വാർഡ് വിഭജനം</u>

1588 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടുത്ത വർഷം നടക്കുവാൻ പോകുന്ന തെരെഞ്ഞെടുപ്പിനു മുമ്പ് നിലവിലുള്ള വാർഡുകൾ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തെല്ലാം മാനദ്ണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) സംവരണവാർഡുകൾ പുതുക്കി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന് അടിസ്ഥാനമായി എന്തു മാനദണ്ഡമാണ് കണക്കാക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ വിഭജനം</u>

1589 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകൾ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളാണ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര ജനസംഖ്യയുള്ള പഞ്ചായത്തുകളാണ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പഞ്ചായത്തുകൾ വിഭജിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വിഭജന മാനദണ്ഡം</u>

1590 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പഞ്ചായത്ത് വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പുതിയ ഗ്രാമപഞ്ചായത്തുകൾ</u>

1591 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളത്;

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ വാർഡ് പുനർനിർണ്ണയം</u>

1592 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള വാർഡുകൾ പുനർനിർണ്ണയം നടത്തുവാനോ, പുതിയ വാർഡുകൾ രൂപീകരിക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും, നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനർനിർണ്ണയം</u>

1593 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബി. സത്യൻ
,, എളമരം കരീം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർ നിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ;

(ബി) തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന വേളയിൽ ധൃതിപിടിച്ചുള്ള അതിർത്തി പുനർനിർണ്ണയം വിജയകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം

1594 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടന്നത് എന്നാണ്;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടത്തുന്നതിന് നിലവിൽ ആലോചനയുണ്ടോ;

(സി) ഇരുപത് വർഷത്തിലൊരിക്കലേ വാർഡ് പുനർവിഭജനം നടത്താവൂ എന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>കുറുവ ഗ്രാമപഞ്ചായത്ത് വിഭജനം</u>

1595 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മങ്കടമണ്ഡലത്തിലെ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ കുറുവ പഞ്ചായത്ത് വിഭജിച്ച് കുറുവ, പാങ്ങ് എന്നീ രണ്ട് പഞ്ചായത്തുകളാക്കി മാറ്റുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് വിഭജനം</u>

1596 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ;

(ബി) കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയ മറ്റൊരു ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കുവാൻ സന്നദ്ധമാകുമോ;

(ഡി) നിലവിലുള്ള ഗ്രാമ പഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമ പഞ്ചായത്ത് രൂപീകരിക്കുന്നതിലേക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റിയായി ഉയർത്തുന്ന പഞ്ചായത്തുകൾ</u>

T1597 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളാണ് മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പഞ്ചായത്തുകൾ വാങ്ങിയിട്ടുള്ള വായ്പകൾ

1598 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് പഞ്ചായത്തുകൾക്ക് വായ്പകൾ എടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണെന്നും എത്ര തുകവീതമാണ് വീഴ്ചവരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പാലിയേറ്റീവ് നഴ്സുമാരുടെ സേവന വേതന വ്യവസ്ഥ</u>

1599 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമിച്ച എത്ര പാലിയേറ്റീവ് നഴ്സുമാർ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗം നഴ്സുമാർക്ക് സേവന വേതന വ്യവസ്ഥ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ</u>

1600 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് 2011 മുതൽ 2014 വരെ എത്ര കേസുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ലഭിക്കുന്ന കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകൾ കേന്ദ്രമാക്കി ഓരോ ഓംബുഡ്സ്മാൻമാരെ കൂടി നിയോഗിക്കുന്നകാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ</u>

1601 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ നിർബന്ധമായും ഏർപ്പെടുത്തുവാൻ തയ്യാറാകുമോ;

(ബി) സംഗീതം, നൃത്തം, നാടകം തുടങ്ങിയ സ്റ്റേജ് ഇനങ്ങൾ അവതരിപ്പിക്കുവാൻ എല്ലാ പഞ്ചായത്തുകളിലും സൗകര്യങ്ങളുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഇതേവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2014–ലെ മറുപടിക്ക്

<u>കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മോഡേൺ ക്രിമറ്റോറിയം</u>

1602 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മോഡേൺ ക്രിമറ്റോറിയം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോടാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും പ്രസ്തുത ഏജൻസി റിപ്പോർട്ട് നൽകിയോ എന്നും അറിയിക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടത് ;

(ഡി) മോഡേൺ ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വിവാഹ രജിസ്ട്രേഷൻ ചട്ടം ഭേദഗതി</u>

1603 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്തില്ലെങ്കിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യണമെങ്കിൽ വിവാഹ രജിസ്ട്രാർ ജനറലിന്റെ (ഡി. ഡി. പി.) അനുമതി ആവശ്യമാണെന്നുള്ള 2008-ലെ വിവാഹ രജിസ്ട്രേഷൻ ആക്ടിലെ ചട്ടം, വിവാഹം കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ വിവാഹ മെമ്മോറാണ്ടം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്തില്ലെങ്കിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യണമെങ്കിൽ വിവാഹ രജിസ്ട്രാറുടെ അനുമതി ആവശ്യമാണെന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന പ്രസ്തുത രീതിയിൽ ചട്ടം ഭേദഗതി ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ജനനമരണ വിവാഹ രജിസ്ട്രേഷൻ ഉത്തരവുകൾ</u>

1604 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനം, മരണം, വിവാഹം തുടങ്ങിയവ രജിസ്ട്രേഷൻ നടത്തുന്നതിനായുള്ള ചട്ടങ്ങൾ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ</u>

1605 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2013-2014 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ പ്രവൃത്തികൾ ഏതെല്ലാം; പ്രവൃത്തികളുടെ പേര്, അടങ്കൽ തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(ബി) 2013-2014 വർഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, പ്രവൃത്തിയുടെ പുരോഗതി മുതലായ വിവരങ്ങൾ സഹിതം പഞ്ചായത്ത് തിരിച്ച് വിശദമായി വ്യക്തമാക്കാമോ;

(സി) 2013-2014 വർഷത്തെ പദ്ധതികളിൽ ഓരോ പഞ്ചായത്തും കൈവരിച്ച പുരോഗതി എത്ര ശതമാനമെന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററിന് സൗകര്യപ്രദമായ കെട്ടിടം</u>

1606 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവയൽ പഞ്ചായത്തിൽ പുതുതായി അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററിന് സൗകര്യപ്രദമായ കെട്ടിടങ്ങൾ പഞ്ചായത്തിന്റെ കൈവശം ഉണ്ടായിട്ടും ആയത് പട്ടികജാതി വ്യവസായ സംരംഭകർക്ക് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ ഹിയറിംഗ് നടത്തിയിട്ടുണ്ടോ;

(സി) എന്തു തീരുമാനമാണ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത് എന്നറിയിക്കാമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>'കില'യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റാൻ നടപടി</u>

1607 ശ്രീ. വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, റ്റി. എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില'യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഇത് എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തെരുവുകച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

1608 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) തെരുവ് കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>വൃദ്ധജന പരിപാലനം</u>

1609 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൃദ്ധരായ മാതാപിതാക്കൾക്ക് ഭവനങ്ങളിൽ വേണ്ടത്ര പരിചരണമോ പരിഗണനയോ ലഭിക്കാതെ രോഗാവസ്ഥകളിലും മറ്റും ഒറ്റപ്പെടുന്ന അവസ്ഥാവിശേഷം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത്, പഞ്ചായത്തുകളുടെ ഫലപ്രദമായ ഇടപെടലിലൂടെ വൃദ്ധജനപരിപാലനം ഉറപ്പു വരുത്താൻ ഉതകുന്ന പദ്ധതികൾക്കു രൂപം നല്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പഞ്ചായത്തുവകുപ്പിലെ അധിക തസ്തികകള്‍</u>

1610 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പഞ്ചായത്തുകളില്‍ എത്ര തസ്തികകള്‍ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ ഡ്രൈവർ നിയമനം</u>

1611 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ തസ്തികകളിലെ നിയമനം പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എല്ലാ ജില്ലകളിലെയും, എല്ലാ പഞ്ചായത്തുകളിലെയും ഡ്രൈവർ തസ്തികകളിലെ നിയമനം പി.എസ്.സി.ക്ക് വിടാതെ ഏതാനും പഞ്ചായത്തുകളിലെ ഡ്രൈവർ തസ്തികകളുടെ നിയമനം മാത്രം പി.എസ്.സി ക്ക് വിട്ടതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(സി) നിരവധി വർഷങ്ങളായി ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ ആയി ജോലി ചെയ്യുന്നവരെ ഡ്രൈവർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ നൽകിയ നിവേദനങ്ങളിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തു സെക്രട്ടറിമാരുടെ ഒഴിവുകൾ</u>

1612 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണെന്നും ഏതെല്ലാം പഞ്ചായത്തുകളിലാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ശിശു സംരക്ഷണ പരിപാടി</u>

1613 ശ്രീ. ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുസംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>അണുകുടുംബ വ്യവസ്ഥിതി കുട്ടികളിൽ ഉളവാക്കുന്ന പ്രശ്നങ്ങൾ</u>

1614 ശ്രീ. റോഷി അഗസ്റ്റിൽ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അണുകുടുംബ വ്യവസ്ഥിതി കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യത്തിന് ഹാനികരമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അണുകുടുംബങ്ങളിൽ മാതാപിതാക്കൾ തൊഴിലിനു പോകുമ്പോൾ ഒറ്റപ്പെട്ടുപോകുന്ന കുട്ടികളുടെ വൈകാരിക പ്രശ്നങ്ങൾ ഗൗരവപരമായി കണക്കിലെടുത്ത് കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് അനുഗുണമാകുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുമോ;

(സി) അണുകുടുംബ വ്യവസ്ഥിതി സൃഷ്ടിക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെകുറിച്ച് സമഗ്രപഠനം നടത്തി ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ ഉതകുന്ന കർമ്മപദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>അംഗപരിമിതര്‍ക്കായുള്ള കര്‍മ്മപദ്ധതികള്‍</u>

1615 ശ്രീ. സണ്ണി ജോസഫ്
'' ബെന്നി ബെഹനാന്‍
'' പി. എ. മാധവന്‍
'' അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗപരിമിതര്‍ക്കായുള്ള ദേശീയ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി കര്‍മ്മ പദ്ധതികള്‍ക്ക് രൂപം നല്‍കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) അവസര സമത്വവും അവകാശ സംരക്ഷണവും പൂര്‍ണ്ണ പങ്കാളിത്തവും ഉറപ്പാക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ലക്ഷ്യങ്ങൾ</u>

1616 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റായി ആരംഭിച്ച വിശപ്പുരഹിത നഗരം, ആശ്വാസകിരണം എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>'വീകെയർ' പദ്ധതി</u>

1617 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' ന്റെ ഭാഗമായി 'വി കെയർ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണം ഏതുവിധേനയാണ് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിന്റെ 'വീ കെയർ കോർപ്സ്' പദ്ധതി</u>

1618 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായുള്ള 'വീ കെയർ കോർപ്സ്' പദ്ധതി പ്രകാരം സന്നദ്ധ സേവകരുടെ ഒരു സേനയ്ക്ക് രൂപം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സന്നദ്ധ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ സേവകർക്ക് ഓണറേറിയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ട്രെയിനിംഗ് സെന്ററുകളിലെ ജീവനക്കാർ</u>

1619 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളിൽ ജോലി ചെയ്തുവരുന്ന എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അംഗനവാടികള്‍ക്ക് സ്വന്തം കെട്ടിടം</u>

1620 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗനവാടികള്‍ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള അംഗനവാടികള്‍ക്ക് കെട്ടിടം നിര്‍മ്മിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(സി) താനൂര്‍ നിയോജകമണ്ഡലത്തില്‍ സ്ഥലമുള്ള എത്ര അംഗനവാടികള്‍ക്ക് കെട്ടിടം നിര്‍മ്മിക്കാന്‍ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി മാതൃകാ അംഗനവാടികള്‍ക്ക് സര്‍ക്കാര്‍ നല്‍കുന്ന സഹായങ്ങള്‍ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ക്ഷേമനിധി പദ്ധതി</u>

1621 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ക്ഷേമനിധി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ക്ഷേമനിധിയിൽ ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ എത്രപേർക്ക് വിതരണം ചെയ്തുവെന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(ഇ) ക്ഷേമനിധി ഭരണസമിതി ഇതിനകം എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

## അംഗനവാടികൾക്ക് കെട്ടിടം

1622 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് പുതിയ കെട്ടിടവും, ബലക്ഷയം വന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യുന്നതിനുമായി നൽകിയ പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) നെന്മാറ നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

നഗരൂർ ഗ്രാമപഞ്ചായത്തിലെ മാതൃകാ അംഗൻവാടി

1623 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ ഗ്രാമപഞ്ചായത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ആകെ എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിലെ അംഗൻവാടികൾക്ക് നിർമ്മാണാനുമതി

1624 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം അംഗൻവാടികളുടെ നിർമ്മാണത്തിനായി ആർ.ഐ.ഡി.എഫ്. ഫണ്ടിൽ നിന്നും അനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) കൊടകര പഞ്ചായത്തിലെ 3, 5 വാർഡുകളിലെ അംഗൻവാടികളുടെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ അംഗൻവാടികൾക്ക് കെട്ടിടം</u>

1625 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര അംഗൻവാടികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത അംഗൻവാടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മുഴുവൻ അംഗൻവാടികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി മണ്ഡലത്തിലെ പതിനൊന്നുകണ്ടി അംഗൻവാടിക്ക് കെട്ടിട നിർമ്മാണം</u>

1626 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ പതിനൊന്ന്കണ്ടി അംഗൻവാടിക്ക് എത്ര സെന്റ് ഭൂമി ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത അംഗൻവാടിക്ക് ഭദ്രമായ കെട്ടിടം ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് ആഫീസർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിർദ്ദേശം സമർപ്പിക്കാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അംഗൻവാടികൾ</u>

1627 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാതൃകാ അംഗൻവാടികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്നും, ഈ പദ്ധതിയിൻ കീഴിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം</u>

1628 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം ഇപ്പോൾ എത്രയാണെന്നും ഇത് നിശ്ചയിച്ചത് എന്നാണെന്നും അറിയിക്കാമോ;

(ബി) പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് നിശ്ചയിക്കുവാനാണ് ആലോചിക്കുന്നത്;

(സി) പ്രായം വർദ്ധിപ്പിക്കുന്ന കാര്യം അംഗൻവാടി ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംഘടനകളുടെ അഭിപ്രായം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ തയ്യാറാവുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

അംഗൻവാടി വർക്കർ - ഹെൽപ്പർ പെൻഷൻ തുക

1629 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാർക്ക് ഇപ്പോൾ നൽകുന്ന പെൻഷൻ പ്രതിമാസ തുക എത്ര രൂപയാണ്;

(ബി) അംഗൻവാടി ഹെൽപ്പർമാരുടെ പ്രതിമാസ പെൻഷൻ എത്ര രൂപയാണ് നൽകിവരുന്നത്;

(സി) നാമമാത്രമായ പ്രസ്തുത പെൻഷൻ തുകകൾ വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും ആലോചനകൾ ഉണ്ടോ;

(ഡി) എങ്കിൽ കുറഞ്ഞ പെൻഷൻ ആയിരം രൂപയെങ്കിലുമായി നിജപ്പെടുത്തുവാൻ തീരുമാനം കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാകേന്ദ്രങ്ങളെ വിലയിരുത്താൻ നടപടി</u>

1630 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗതികൾ, അനാഥർ, പരിചരിക്കാനാളില്ലാതെ കഷ്ടപ്പെടുന്ന വയോജനങ്ങൾ എന്നിവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) വിവിധ കമ്മീഷനുകൾ, കൺട്രോൾ ബോർഡുകൾ എന്നിവയുടെ ആധിക്യവും, അവയുടെ പലതരത്തിലുള്ള നിർദ്ദേശങ്ങളും ക്രോഡീകരിക്കുന്നതിനും അവയെ പൊതുവായ നിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലേയ്ക്ക് നിയമം ലംഘിച്ച് കുട്ടികളെ എത്തിച്ച സംഭവം</u>

1631 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ചില അനാഥാലയങ്ങളിലേയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവന്ന സംഭവം ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നും എത്ര കുട്ടികളെ വീതമാണ് കൊണ്ടുവന്നതെന്നും അതിൽ ആൺ/പെൺ കുട്ടികൾ എത്ര വീതമെന്നും വെളിപ്പെടുത്തുമോ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നിയമം ചില അനാഥാലയങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഏതൊക്കെ അനാഥാലയങ്ങളാണ് പ്രസ്തുത നിയമം ലംഘിച്ച് കുട്ടികളെ കൊണ്ടുവന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമം ലംഘിച്ച് കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് എത്ര അനാഥാലയങ്ങളുടെ പേരിൽ നടപടി സ്വീകരിച്ചു; ഏതൊക്കെ അനാഥാലയങ്ങളാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിനകത്ത് ആയിരക്കണക്കിന് കുട്ടികൾ വളരെയധികം കഷ്ടപ്പെടുമ്പോൾ സംസ്ഥാനത്തിന് പുറത്തുപോയി യാതൊരുവിധ രേഖയുമില്ലാതെ കുട്ടികളെ ഇവിടേയ്ക്ക് കൊണ്ടുവന്ന് അനാഥാലയത്തിന്റെ മറവിൽ ലക്ഷങ്ങൾ സമ്പാദിക്കുന്ന അനാഥാലയം നടത്തിപ്പുകാർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ശ്രീചിത്രാഹോം സംബന്ധിച്ച വനിതാ കമ്മിഷൻ ശുപാർശ

1632 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീചിത്രാഹോം സർക്കാർ ഏറ്റെടുക്കണമെന്ന് സംസ്ഥാന വനിതാകമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ശ്രീചിത്രാഹോമിന്റെ പ്രവർത്തനം സംബന്ധിച്ച പരാതികളിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അംഗീകൃത അനാഥാലയങ്ങൾ സംബന്ധിച്ച വിവരം</u>

1633 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര അംഗീകൃത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നു എന്ന് അവയുടെ പേര് വിവരം സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ ഓരോന്നിലും എത്ര അന്തേവാസികൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്രസ്തുത അനാഥാലയങ്ങൾക്ക് എത്ര തുക ഗ്രാന്റായി ലഭിച്ചിട്ടുണ്ട് എന്ന് ഓരോ അനാഥാലയത്തിനും അനുവദിച്ച തുക വേർതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അനാഥാലയങ്ങൾ</u>

1634 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എത്ര അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളും സ്ത്രീ സദനങ്ങളും ഉണ്ടെന്ന് പേര് സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് പ്രതിമാസം എത്ര രൂപയുടെ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിലെ മാനദണ്ഡം</u>

1635 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകാമോ ;

(സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പരിശോധന നടത്താറുണ്ടോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് തിരിച്ചറിയൽ രേഖ

1636 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തി കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് മതിയായ രേഖകൾ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) രേഖകളില്ലാതെ അനാഥാലയങ്ങളിൽ കുട്ടികളെ താമസിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാക്കാൻ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ പ്രവര്‍ത്തനം</u>

1637 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ അനുമതിയുള്ള എത്ര അനാഥാലയങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; വകുപ്പ് നേരിട്ട് നടത്തുന്നവയെത്രയാണെന്നും, വ്യക്തികളും സ്ഥാപനങ്ങളും, സംഘടനകളും നടത്തുന്നവയെത്രയാണെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) സര്‍ക്കാരിന്റെ അനുമതിയില്ലാതെ അനാഥാലയങ്ങള്‍ പ്രവര്‍ത്തിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എത്ര അനാഥാലയങ്ങള്‍ ഇപ്രകാരം പ്രവര്‍ത്തിക്കുന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) വകുപ്പിന്റെ അനുമതിയുള്ള അംഗീകൃത അനാഥാലയങ്ങള്‍ക്ക് സര്‍ക്കാര്‍ ഗ്രാന്റ് നല്‍കുന്നുണ്ടോ; എങ്കില്‍ എത്ര സ്ഥാപനങ്ങള്‍ക്ക് ഗ്രാന്റ് നല്‍കുന്നുണ്ട്; അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഡി) അംഗീകാരമുള്ള എല്ലാ അനാഥാലയങ്ങളിലുമായി എത്ര അന്തേവാസികളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടെയും അനാഥാലയങ്ങളിലേയ്ക്ക് സംസ്ഥാനത്തിന് പുറത്തുനിന്ന് കുട്ടികളെ കൊണ്ടുവന്ന് നല്‍കുന്ന റാക്കറ്റുകള്‍ പ്രവര്‍ത്തിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് തടയാന്‍ എന്ത് നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ അനാഥാലയങ്ങളില്‍ അന്യസംസ്ഥാന കുട്ടികള്‍ താമസിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര അന്യസംസ്ഥാന കുട്ടികളാണ് നിലവില്‍ സംസ്ഥാനത്തെ അനാഥാലയങ്ങളിലുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വയനാട്ടിൽ പുനരധിവാസകേന്ദ്രം</u>

1638 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വയനാട്ടിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതു സംബന്ധിച്ച് വകുപ്പിൽ ഫയൽ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിനു ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷനുകൾ</u>

1639 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നും ഈ പെൻഷനുകളുടെ മാസതുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഓരോന്നിലും എത്ര മാസത്തെ തുക കുടിശ്ശികയുണ്ട് ;

(സി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

മിഷൻ 676

1640 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവരുടെ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി മിഷൻ 676-ൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

1641 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2014-2015 സാമ്പത്തിക വർഷം എത്ര രൂപയാണ് പ്രതിമാസം സ്കോളർഷിപ്പായി നൽകിവരുന്നത്; ആയതിൽ എത്ര മാസത്തെ മുടക്കം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭിന്നശേഷിയുള്ള സാമ്പത്തികശേഷിയില്ലാത്ത കുട്ടികളെ പരിപാലിക്കുന്നവർക്കും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ</u>

1642 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം പ്രശ്നങ്ങൾ നേരിടുന്നവരുടെ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിനും, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>ഭിന്ന ശേഷിയുള്ളവര്‍ക്കായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികള്‍</u>

1643 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭിന്ന ശേഷിയുളളവരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികള്‍ ഏതെല്ലാം എന്ന് ഓരോ പദ്ധതിയുടെയും പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും അംഗമാകേണ്ടതിനുളള അപേക്ഷകളുടെ കോപ്പിയും, ആര്‍ക്കാണ് അപേക്ഷ നല്‍കേണ്ടതെന്നുമുളള വിശദാംശങ്ങളും സാമൂഹ്യ നീതിവകുപ്പിന്റെ വെബ് സൈറ്റില്‍ പ്രസിദ്ധീകരിക്കുമോ;

(സി) സാമൂഹ്യ നീതി വകുപ്പിനു കീഴിലെ സാമൂഹിക സുരക്ഷാ മിഷനിലൂടെ അംഗപരിമിതര്‍ക്കും, ഭിന്ന ശേഷികളുളളവര്‍ക്കും നല്‍കിവരുന്ന വിവിധ സേവനങ്ങള്‍ എന്തെല്ലാമെന്നും ഓരോ പദ്ധതിയുടെ പേരും പദ്ധതിയില്‍ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നല്‍കേണ്ടത് എങ്ങനെയെന്നതുമുളള വിശദാംശങ്ങളും അപേക്ഷകളുടെ മാതൃകകളും ലഭ്യമാക്കാമോ;

(ഡി) അംഗപരിമിതരെ സമൂഹത്തിന്റെ പൊതു ധാരയില്‍ എത്തിക്കുന്നതിന് വികലാംഗക്ഷേമ കോര്‍പ്പറേഷന്‍ വഴിയും സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ് തുടങ്ങിയ സംവിധാനങ്ങള്‍ വഴിയും നടപ്പാക്കുന്ന പദ്ധതികള്‍ ഏതൊക്കെ എന്നും ഓരോ പദ്ധതിയുടെയും വിശദാംശങ്ങള്‍ സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>വികലാംഗരായിട്ടുള്ള കുട്ടികൾക്കുള്ള സഹായം</u>

1644 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ കുട്ടികളെ സഹായിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മുച്ചക്രവാഹനങ്ങൾ വിദ്യാർത്ഥികളായ വികലാംഗ കുട്ടികൾക്ക് നൽകാൻ പദ്ധതികൾ നിലവിലുണ്ടോയെന്നും ഈ പദ്ധതി ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കുന്നത് എന്നും അറിയിക്കുമോ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ബാറ്ററികൊണ്ടു പ്രവർത്തിക്കുന്ന സ്കൂട്ടറിനും സൈക്കിളിനും ലൈസൻസ് വേണ്ടാത്ത സാഹചര്യത്തിൽ വികലാംഗരായ കുട്ടികൾക്ക് ഇപ്രകാരമുള്ള മുച്ചക്രവാഹനങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>വികലാംഗർക്ക് മുച്ചക്രവാഹന വിതരണം</u>

1645 ശ്രീ. പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ നേതൃത്വത്തിൽ ഊർജ്ജ പദ്ധതി</u>

1646 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന ഊർജ്ജ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കാമോ;

(ബി) ഇതിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന പദ്ധതി</u>

1647 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയും എൽ.ഐ.സി.യും ചേർന്ന് നടപ്പിലാക്കുന്ന കുടുംബശ്രീ സ്ത്രീസുരക്ഷാ ബീമായോജന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ചേരാനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ പ്രസ്തുത പദ്ധതിയിൽ ചേരാത്ത പഞ്ചായത്തുകളുടെ പേരുകൾ വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>സ്നേഹപൂര്‍വ്വം പദ്ധതിപ്രകാരമുള്ള കുടിശ്ശിക വിതരണം</u>

1648 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്നേഹപൂര്‍വ്വം പദ്ധതി പ്രകാരം ധനസഹായത്തിന് 2013-14 അദ്ധ്യയനവര്‍ഷം അപേക്ഷ നല്‍കിയവര്‍ക്ക് അടുത്ത അദ്ധ്യയനവര്‍ഷം ആരംഭിച്ചിട്ടും ഒരു സഹായവും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബനാഥന്‍ നഷ്ടപ്പെട്ട്, വിദ്യാഭ്യാസം നടത്താന്‍ ശേഷിയില്ലാത്ത കുടുംബങ്ങളിലെ പെണ്‍കുട്ടികള്‍ക്ക് വിദ്യാഭ്യാസ ആവശ്യത്തിന് അടിയന്തിരസഹായമായി ലഭിക്കേണ്ട കുടിശ്ശിക ഉടനെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്താനും, പുതിയ വര്‍ഷത്തെ തുക സ്കൂള്‍വര്‍ഷം ആദ്യം തന്നെ വിതരണം ചെയ്യാനും അടിയന്തിര നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>'സ്നേഹിത' പദ്ധതി</u>

1649 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹിത' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് സ്നേഹിത കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുളളത്;

(സി) എല്ലാ ജില്ലകളിലും സ്നേഹിത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ജനക്ഷേമപദ്ധതികൾ</u>

1650 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആവിഷ്ക്കരിച്ചിട്ടുള്ള ജനക്ഷേമ പദ്ധതികൾ, മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>വയോജന വകുപ്പ് രൂപീകരണം</u>

1651 ശ്രീ. കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വയോജന വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് താലൂക്കിലെ വീടുകളിലെ ബാലവേല</u>

1652 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിലെ വീടുകളിൽ ബാലവേല ചെയ്യുന്ന ബാലികമാരുടെ വിവരങ്ങൾ ലഭ്യമാണോ; അറിയിക്കുമോ;

(ബി) ബാലവേല ചെയ്യിക്കുന്ന വീട്ടുടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>മിശ്രവിവാഹിതർക്കുള്ള ധനസഹായം</u>

1653 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മിശ്രവിവാഹിതർക്ക് വിതരണം ചെയ്യുന്ന ധനസഹായം ഏത് വർഷം വരെയുള്ളത് നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക വീതമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് എന്നും ആയതിന് അപേക്ഷിക്കേണ്ട കാലയളവും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ എത്ര ദമ്പതിമാർക്ക് മിശ്രവിവാഹിതർക്കുള്ള ധനഹായം ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഐ. സി. ഡി. എസുകളുടെ സ്വകാര്യവത്കരണം

1654 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി
നൽകുമോ:

(എ) എല്ലാ ഐ. സി. ഡി. എസ്.കളും ഐ. സി. ഡി. എസ്. മിഷന്റെ കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപടി ആരംഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഐ. സി. ഡി. എസ് -കളെ പൂർണ്ണമായും സ്വകാര്യവൽക്കരിച്ച് എൻ.ജി.ഒ. മാരെ ഏല്പിക്കുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികൾ സാമൂഹ്യക്ഷേമ പദ്ധതികളിൽനിന്നുമുള്ള പിന്മാറ്റത്തെയാണോ സൂചിപ്പിക്കുന്നതെന്നും ഇക്കാര്യത്തിലുള്ള നയവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

എൻ ജി. ഒ കളുടെ പ്രവർത്തനത്തിന് അനുദിച്ച ധനസഹായം

1655 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോവർഷവും സംസ്ഥാനത്തെ എൻ. ജി. ഒ കളുടെ പ്രവർത്തനങ്ങൾക്കു വേണ്ടി സാമൂഹ്യ നീതി വകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം തുക അനുവദിച്ചിട്ടുളള സംഘടനകൾ ചട്ട പ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) സർക്കാരിൽ നിന്നും ധനസഹായം വാങ്ങുന്ന സംഘടനകൾ സമർപ്പിക്കുന്ന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നില്ലെന്നും പലതരത്തിലുളള ക്രമക്കേടുകൾ നടക്കുന്നുവെന്നു മുളള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡ) എങ്കിൽ ഇതേവരെ സർക്കാർ ധനസഹായം നൽകിയ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും കൈപ്പറ്റിയ തുകയുടെ വിനിയോഗത്തെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നടപടി</u>

1656 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അടുത്ത കാലത്തായി എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നറിയിക്കാമോ;

(സി) മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളുടെ പേരിൽ എന്തൊക്കെ നടപടികളെടുക്കാനാണ് നിയമവ്യവസ്ഥയിൽ വകുപ്പകളുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിന് മേൽ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

## സാമൂഹ്യ സുരക്ഷാ മിഷനിലെ നിയമനം

1657 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനിൽ ആകെ എത്ര തസ്തികകളാണ് ഇതുവരെ സൃഷ്ടിച്ചിട്ടുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; അതിൽ എത്ര തസ്തികകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൃഷ്ടിച്ചതാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകളുടെ നിയമന രീതി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനങ്ങൾക്ക് പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര താല്കാലിക നിയമനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട് ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) സുരക്ഷാ മിഷനിലെ നിയമനങ്ങൾ ചട്ടങ്ങൾ പാലിച്ചേ നടത്താവൂ എന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ടോ ; എല്ലാ നിയമനങ്ങളും അപ്രകാരമാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഹൈക്കോടതി ഇടപെട്ട് നിയമനങ്ങൾ തടഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ശ്രീ.വി. വിജയകുമാറിന്റെ പരാതിയിന്മേലുള്ള നടപടി

1658 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. വി. വിജയകുമാറിന്റെ പരാതിയിന്മേൽ 1808/ഡി2/13/എസ്.ജെ.ഡി. എന്ന ഫയലിൽ ഒരു ഉന്നതതല അന്വേഷണത്തിന് മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് മുഖ്യമന്ത്രി ഉത്തരവു നല്കിയതെന്നും, പ്രസ്തുത ഉത്തരവു പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് എന്നു പറയപ്പെടുവിച്ചുവെന്നും ഏതു രീതിയിലുള്ള അന്വേഷണ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കുട്ടികളെ അനാഥാലയങ്ങളിലേക്ക് അനധികൃതമായി കടത്തിയ സംഭവം</u>

1659 ശ്രീ. കെ.കെ നാരായണൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രക്ഷിതാക്കളുള്ള കുട്ടികളെ അനധികൃതമായി സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വന്ന് അനാഥാലയങ്ങളിൽ എത്തിച്ച സംഭവം സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന ബാലാവകാശ കമ്മീഷൻ നടത്തിയ തെളിവെടുപ്പിനുശേഷം നൽകിയ ശുപാർശകൾ എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) അനാഥാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അതിനു വിരുദ്ധമായി കുട്ടികളെ പ്രവേശിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 04.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.